**Press Release**

PR . 43/2019 12.03.2019

# എഫ്.ഐ.ബിയുടെ പ്രവർത്തനങ്ങൾ അടുത്തറിയാൻ കാർഷിക വിദ്യാർത്ഥികൾ

വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ പ്രവൃത്തി പരിചയത്തിന്റെ ഭാഗമായി 44 വിദ്യാർത്ഥികളടങ്ങുന്ന സംഘം ഫാം ഇൻഫർമേഷൻ ബ്യൂറോ സന്ദർശിച്ചു. കാർഷിക സർവകലാശാല വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ. സീമ ബി., അസിസ്റ്റന്റ് പ്രൊഫസർ ഡോ. അലൻ തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് സംഘം സന്ദർശനം നടത്തിയത്. കാർഷികരംഗത്ത് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മാധ്യമധർമ്മം മനസ്സിലാക്കുവാനും അച്ചടി, ദൃശ്യ മാധ്യമങ്ങളുടെ സാങ്കേതികതലങ്ങൾ നേരിട്ട് കണ്ട് പഠിയ്ക്കുവാനും വിദ്യാർത്ഥികൾക്ക് സാധിച്ചു. എഫ്.ഐ.ബി പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറായ ജി.എസ്. ഉണ്ണിക്കൃഷ്ണൻ നായർ അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുകയും ചെയ്തു. എഫ്.ഐ.ബി സംപ്രേഷണം ചെയ്യുന്ന വിവിധ കൃഷിസംബന്ധമായ പരിപാടികളിൽ വിദ്യാർത്ഥികൾക്ക് അവസരവും ലഭിച്ചു. ഇതിലൂടെ നവമാധ്യമങ്ങളിലുള്ള എഫ്.ഐ.ബിയുടെ സാന്നിധ്യവും വിദ്യാർത്ഥികൾക്ക് പരിചിതമായി.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**